"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ്-മലപ്പുറം ജില്ല-തിരൂരങ്ങാടി നിയമസഭ മണ്ഡലത്തിലെ '**നന്നമ്പ്ര ഗ്രാമപഞ്ചായത്ത് തെയ്യാല മനക്കുളം നവീകരണം**' എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ** (ഡിബി) **വകുപ്പ്**

സ.ഉ.(സാധാ) നം.843/2025/LSGD തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.01.2025 ലെ LSGD/PD/957/2025-DB3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ തിരുരങ്ങാടി നിയമസഭാ മണ്ഡലത്തി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ക്രമ നമ്പർ 1173 ആയി 100 ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20% തുക വകയിരുത്തിയ "**നന്നമ്പ്ര ഗ്രാമപഞ്ചായത്ത് തെയ്യാല മനക്കുളം നവീകരണം**" എന്ന പ്രവൃത്തിക്കു ഭരണാനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം എസ്റ്റിമേറ്റ് സഹിതം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമ നമ്പർ 1173 ആയി 100 ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്നതുമായ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നിയമസഭ മണ്ഡലത്തിലെ'**നന്നമ്പ്ര ഗ്രാമപഞ്ചായത്ത് തെയ്യാല മനക്കുളം നവീകരണം**' എന്ന പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ(നൂറ് ലക്ഷം രൂപ മാത്രം )ഭരണാനുമതി നൽകിയും ടി പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് 4515-00-800-92(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 28-03-2025 15:12:16

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
4.ധനകാര്യ (വികസന) വകുപ്പ് (E-3036844/DEV-3/24/2025/ധന തീയതി 10/03/2025) (എ.എസ് നമ്പർ : AS/LGD/24/41160)
5. ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി
7. കരുതൽ ഫയൽ (ഡി.ബി1/21/2025/എൽ.എസ്.ജി.ഡി)